# പതിനാലാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 839** **04.03.2020 ലെ മറുപടി**

## വെള്ളായണി കായൽ സംരക്ഷണം

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.എം. വിൻസെന്റ് :** | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) കേരളത്തിലെ പ്രധാന ശുദ്ധജലതടാക മായ വെള്ളായണി കായൽ സംരക്ഷിക്കുന്ന തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ; | (എ) വെള്ളായണി കായൽ പുനരുജ്ജീവനത്തിനും സൗന്ദര്യ വത്കരണത്തിനും ടൂറിസത്തിനും ഊന്നൽ നൽകികൊണ്ടുള്ള വിശദമായ പ്രോജക്ട് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കി വരുന്നു. |
| (ബി) പായൽ നീക്കുന്നതിന് സ്വാസ്തി ഫൗണ്ടേഷന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനത്തിൽ ഏതെല്ലാം നിലയ്ക്കാണ് സർക്കാർ സഹകരിക്കുന്നത്; വിശദീകരിക്കുമോ; | (ബി) സ്വാസ്തി ഫൗണ്ടേഷനുമായി ജലസേചന വകുപ്പ് സഹകരിക്കുന്നുണ്ട്. വെള്ളായണി കായൽ പുനരുജ്ജീവനത്തിനായി സ്വാസ്തി ഫൗണ്ടേഷന്റെ കീഴിൽ പായലും ചെളിയും മാറ്റുന്ന പ്രവൃത്തി നടത്തിയിരുന്നു. |
| (സി) പായൽ നീക്കുന്ന പ്രവർത്തനം സർക്കാർ ഏറ്റെടുത്ത് നടപ്പാക്കുമോ; അതിന് ആവശ്യമുള്ള ഫണ്ട് അനുവദിക്കുമോ; വ്യക്തമാക്കുമോ? | (സി) വെള്ളായണികായൽ പുനരുജ്ജീവന ത്തിനായി തയ്യാറാക്കി വരുന്ന പ്രോജക്ടിൽ പായൽ നീക്കുന്ന പ്രവൃത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**